(6) മുളംകുന്നത്തുകാവിലുള്ള കെൽട്രോൺ റെക്ടിഫയേഴ്സിന്റെ പ്രവർത്തനം സജീവമാക്കാൻ നടപടി

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, ഒരു കാലത്ത് വ്യവസായ കേരളത്തിന്റെ മുഖമുദ്രയായിരുന്നു കെൽട്രോൺ യൂണിറ്റുകൾ. എന്നാൽ ഇന്ന് അവ ഓരോന്നോരോന്നായി അടച്ചുപൂട്ടിക്കൊണ്ടിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട മുളംകുന്നത്തു കാവിലെ കെൽട്രോൺ പവർ ഡിവൈസസ് അടച്ചിട്ടിട്ട് മാസങ്ങളായി. ഇനി അവിടെ അവശേഷിക്കുന്ന കെൽട്രോൺ റെക്ടിഫയേഴ്സ് അന്ത്യം കാത്തിരിക്കുകയാണ്. ബി.ഐ.എഫ്.ആർ.-ന്റെ പരിധിയിൽ വന്ന പ്രസ്തുത യൂണിറ്റ് പുനരുദ്ധരിക്കുന്നതിനുവേണ്ടി തൊഴിലാളികൾ തയ്യാറാക്കിയ പദ്ധതി പ്രയോഗികമല്ലെന്നു പറഞ്ഞ് പുതിയ പദ്ധതി സമർപ്പിക്കാൻ സർക്കാർ അനുമതി വാങ്ങിയെങ്കിലും നാളിതുവരെയും ബദൽ പദ്ധതി സമർപ്പിച്ചിട്ടില്ല. പുതിയ പദ്ധതികൾ ക്ഷണിച്ചു കൊണ്ട് ഈയിടെ വന്ന പത്രപ്പരസ്യം പ്രസ്തുത സ്ഥാപനത്തെ ലിക്വിഡേറ്റ് ചെയ്യാനോ സ്വകാര്യ വ്യക്തികൾക്ക് കൈമാറ്റം ചെയ്യാനോ ഉള്ള നീക്കത്തിന്റെ ഭാഗമാണെന്ന ന്യായമായ സംശയം ഉയർന്നിരിക്കുന്നു. വളരെയേറെ വികസന സാദ്ധ്യതകളുള്ള കെൽട്രോൺ റെക്ടിഫയേഴ്സിനെ നവീകരിച്ചും ഡൈവേഴ്സിഫൈ ചെയ്തും നിലനിർത്താനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകണമെന്ന് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാഗോപാലൻ) : സർ, പ്രതിവർഷം 3.2 ലക്ഷം സിലിക്കോൺ റെക്ടിഫയർ ഡയോഡുകൾ നിർമ്മിക്കാനായി കെ.എസ്.ഐ.ഡി.സി.-യുടെ പരിപൂർണ്ണമായ ഉടമസ്ഥതയിൽ 1970-ൽ കെൽട്രോൺ റെക്ടിഫയേഴ്സ് രൂപീകൃതമായി. തുടക്കത്തിൽ ഉൽപ്പന്നങ്ങളുടെ പോരായ്മമൂലവും പിന്നീട് പ്രവർത്തനമൂലധനത്തിന്റെ അഭാവം നിമിത്തവും കമ്പനിയുടെ പ്രവർത്തനം മോശമായിരുന്നു. 1985-ൽ കമ്പനി ഒരു പുനരുദ്ധാരണ പദ്ധതി തയ്യാറാക്കി ഇൻഡ്യൻ ബാങ്കിന് സമർപ്പിച്ചു. 1990-91-ൽ കമ്പനി 130.80 ലക്ഷം രൂപ നഷ്ടമുണ്ടാക്കി. ഇതുമൂലം കെ.എസ്.ഐ.ഡി.സി.യിൽ നിന്നും കേന്ദ്ര ഇലക്ട്രോണിക്സ് വകുപ്പിൽ നിന്നും ധനകാര്യ ബാങ്കിംഗ് സ്ഥാപനങ്ങളിൽ നിന്നും വായ്പ വാങ്ങിക്കുകയും പലിശയിൽ മുടക്കം വരുത്തുകയും ചെയ്തു. 1992-ൽ കമ്പനി ബി.ഐ.എഫ്.ആർ.-ന് റഫർ ചെയ്തു. മൂന്ന് വർഷങ്ങൾക്കുശേഷം ഓപ്പറേറ്റിംഗ് ഏജൻസിയായ ഐ.ആർ.ബി.ഐ. ഒരു പുനരുദ്ധാരണ പദ്ധതിക്ക് രൂപം നൽകി. 7-6-1995-ൽ ബി.ഐ.എഫ്.ആർ. ഈ പദ്ധതിക്ക് അംഗീകാരം നൽകി. ഈ പദ്ധതിക്ക് 170 ലക്ഷം രൂപ ചെലവായി. സർക്കാരാണ് ഈ തുക നൽകിയത്. പദ്ധതി ഭാഗികമായി മാത്രമേ നടപ്പിലാക്കാൻ കഴിഞ്ഞുള്ളൂ. സർക്കാരിൽ നിന്നും ലഭിച്ച തുകയിൽ 98 ലക്ഷം രൂപ പി. എഫ്. കുടിശ്ശിക തീർക്കാനും ഉപകരണങ്ങൾ വാങ്ങാനും 1994-95-ലെ നഷ്ടം നികത്താനും വിനിയോഗിച്ചു. കമ്പനിയുടെ ബാദ്ധ്യതയിൽ പരിശയിളവു ചെയ്ത് മുതൽ ഒറ്റത്തവണയായി അടച്ചുതീർക്കുന്നതിനും പ്രവർത്തനമൂലധനം പ്രൊഡക്റ്റിവിറ്റി കൗൺസിൽ നടത്തിയ പഠനത്തിനനുസൃതമായി മാനവശേഷി പുനർവിന്യസിക്കുന്നതിലേയ്ക്കുമായി 536.54 ലക്ഷംരൂപ സർക്കാരിൽ നിന്ന്

LIBRARY ARCHIVES Kerala Legislative Assembly

ധനസഹായം നിർദ്ദേശിച്ചുകൊണ്ടുള്ള ഒരു പുനരുദ്ധാരണ പദ്ധതി സമർപ്പിക്കുകയുണ്ടായി. വിവിധ തലങ്ങളിൽ ചർച്ചകൾ നടത്തുകയും നിർദ്ദേശങ്ങൾക്കനുസൃതമായ മാറ്റങ്ങൾ വരുത്തുകയും ചെയ്തുവെങ്കിലും ലാഭം ഉറപ്പാക്കി സാമ്പത്തികസഹായം ലഭ്യമാക്കാൻ കഴിയുന്ന ഒരു സമഗ്ര പ്രൊപ്പോസൽ സമർപ്പിക്കാൻ സാധിക്കാതിരുന്നതിനാൽ 5-11-1999-ൽ നടന്ന ബി. ഐ. എഫ്. ആർ. ഹിയറിംഗിൽ കമ്പനിയുടെ മാനേജ്മെന്റ് മാറ്റാൻവേണ്ടി പരസ്യം കൊടുക്കാൻ ഓപ്പറേറ്റിംഗ് ഏജൻസിയായ ഐ.ആർ.ബി.ഐ.-യെ ചുമതലപ്പെടുത്തി. 4-12-1999-ൽ ഓഫറുകൾ നൽകാൻ നാലാഴ്ച സമയത്തോടെ പ്രസ്തുത പരസ്യം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ബി.ഐ.എഫ്.ആർ.-ന്റെ നിർദ്ദേശപ്രകാരം ഹോൾഡിംഗ് കമ്പനിക്കും പ്രൊമോട്ടറായ സർക്കാരിനും ഈ കാലയളവിനുള്ളിൽ പുതിയ നിർദ്ദേശം ഓപ്പറേറ്റിംഗ് ഏജൻസിക്ക് സമർപ്പിക്കാവുന്നതാണ്. വ്യവസായ വകുപ്പ് നിയോഗിച്ച ഇലക്ട്രോണിക്സിനായുള്ള ഉപസമിതി ഈ കാര്യം വിശദമായി ചർച്ച ചെയ്യുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ കമ്പനിയുടെ പ്രവർത്തനം സജീവമായി നിലനിർത്തത്തക്ക വിധത്തിലുള്ള ഒരു പദ്ധതിയുടെ രൂപകൽപ്പന പുരോഗമിച്ചുവരുന്നു. നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ ഇതു സമർപ്പിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(7) പുത്തൂർ പാലത്തിന്റെ പുനർനിർമ്മാണം

ശ്രീ. സി. എൻ. ജയദേവൻ: സർ, എന്റെ നിയോജകമണ്ഡലത്തിന്റെ കിഴക്കൻ മലയോരപ്രദേശങ്ങളെ തൃശൂർ നഗരവുമായി ബന്ധിപ്പിക്കുന്ന പ്രധാനപ്പെട്ട പാലങ്ങളിലൊന്നാണ് പുത്തൂർ പാലം. ബ്രിട്ടീഷുകാരുടെ കാലത്ത് പണി കഴിപ്പിച്ച, ഏകദേശം നൂറു വർഷത്തിലധികം പഴക്കമുള്ള പാലമാണിത്. കഴിഞ്ഞ രണ്ടു ബഡ്ജറ്റുകളിൽ ഈ വർക്ക് ഉൾപ്പെടുത്തി പാലം പുനർ നിർമ്മിക്കണമെന്ന് ഞാൻ ആവശ്യപ്പെട്ടിരുന്നു. ഇപ്പോൾ പാലത്തിന്റെ സ്ഥിതി തികച്ചും അപകടാവസ്ഥയിലാണ്. കൈവരികൾ തകർന്നിരിക്കുന്നു. പാലം തന്നെ അപകടകരമായ ഒരവസ്ഥയിലാണ്. തടി കയറ്റിയ ലോറികൾ, കരിങ്കൽ ക്വാറികളിൽ നിന്ന് കരിങ്കല്ലുകൾ കൊണ്ടുപോകുന്ന ലോറികൾ, തൃശ്ശൂർ ജില്ലയിലെ ഏറ്റവും കൂടുതൽ പച്ചക്കറി ഉൽപ്പാദിപ്പിക്കുന്ന മേഖലകളിൽ നിന്ന് പച്ചക്കറി, നേന്ത്രക്കായ് മുതലായവയെല്ലാം തൃശ്ശൂർ പട്ടണത്തിലേയ്ക്ക് കൊണ്ടുവരുന്ന ലോറികൾ എന്നിവയെല്ലാം വരുന്ന സുപ്രധാനമായ ഈ പുത്തൂർ പാലം പുനർനിർമ്മിക്കുന്നതിനാവശ്യമായ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, പുത്തൂർ-മാന്നമംഗലം റോഡിൽ ഏഴാമത്തെ കിലോമീറ്ററിൽ സ്ഥിതി ചെയ്യുന്ന പാലമാണ് പുത്തൂർ പാലം. ഇതിനു 50 വർഷത്തിൽക്കൂടുതൽ പഴക്കമുണ്ട്. പ്രസ്തുത പാലത്തിന്റെ കൈവരിതകർന്നു പോയിട്ടുണ്ട്. ആ ഭാഗത്ത് താൽക്കാലികമായി ഒരു കൈവരി കെട്ടിയിട്ടുണ്ട്. പ്രസ്തുത പാലം പുതുക്കിപ്പണിയുന്നതിന് നൂറു ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ചീഫ് എൻജിനീയറുടെ ഓഫീസിൽ പരിശോധിച്ചുവരികയാണ്. ഏറ്റവും വേഗം ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകി പ്രസ്തുത പാലത്തിന്റെ പണി ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly